LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഗവൺമെന്റ് അംഗീകരിച്ച അക്രെഡിറ്റഡ് ഏജൻസികളെക്കൊണ്ട് നടപ്പാക്കാവുന്നതാണ്. ഇതുസംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(പി) 408/2007 ധന തീയതി 7-9-2007, ജി.ഒ.(പി) നമ്പർ 311/14/ധന. തീയതി 30-7-2014 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(സി) ഭരണാനുമതി നൽകിയതും എന്നാൽ നിർവ്വഹണത്തിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനോ പകരം പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനോ നിലവിൽ യാതൊരു തടസ്സവുമില്ല.

ശമ്പള കമ്മീഷൻ റിപ്പോർട്ട്

154 (494) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) അന്തിമ റിപ്പോർട്ടിന് കാലതാമസം നേരിടുന്നപക്ഷം ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്നും പുതിയ ശമ്പളാനുകൂല്യങ്ങൾ ജീവനക്കാർക്ക് എന്ന് നൽകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിലവിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(ബി) അന്തിമ റിപ്പോർട്ടിന് കാലതാമസം നേരിടുന്നപക്ഷം ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സർവ്വീസ് സംഘടനകളുമായി ശമ്പള കമ്മീഷൻ 2014 ഡിസംബർ 2 മുതൽ ചർച്ചകൾ ആരംഭിക്കുകയാണ്. 2015 ജൂൺ 30-നകം റിപ്പോർട്ട് നൽകുമെന്ന് പ്രതീക്ഷിക്കുന്നു.